# സംഗ്രഹം

1. കണ്ണൂർ ജില്ലയുടെ തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച ഭൂപടം തയ്യാറാക്കിയിരിക്കുന്നത് 1:25000 സ്കെയിലിൽ 14 ഷീറ്റുകളിലായി KL64, KL65, KL66, KL67, KL68, KL69, KL70, KL71, KL72, KL73, KL74, KL75, KL77, KL80 എന്നീ നമ്പരുകളിൽ ഉൾപ്പെടുത്തിയാണ്.
2. 38 ഗ്രാമ പഞ്ചായത്തുകളും (കരിവള്ളൂർ-പേരളം, രാമന്തളി, കുഞ്ഞിമംഗലം, ചെറുതാഴം, കടന്നപ്പള്ളി-പനപുഴ, മാടായി, ഏഴോം, പരിയാരം, ചപ്പാരപ്പടവ്, ചെറുകുന്ന്, പട്ടുവം, മാറ്റൂൽ, കണ്ണപുരം, കല്ലിശ്ശേരി, പാപ്പിനിശ്ശേരി, മയ്യിൽ, കുറുമാത്തൂർ, ചെങ്ങളായി, കൊളച്ചേരി, നാരത്ത്, വളപട്ടണം, ചിറക്കൽ, അഴീക്കോട്, ചെമ്പിലോട്, അഞ്ചരക്കണ്ടി, കടമ്പൂർ, പെരളശ്ശേരി, വേങ്ങാട്, കീഴല്ലൂർ, പിണറായി, ധർമ്മടം, മുഴപ്പിലങ്ങാട്, എരഞ്ഞോളി, കതിരൂർ, ന്യൂ മാഹി, ചൊക്ലി, കരിയാട്, തൃപ്പങ്ങോട്ടൂർ), പയ്യന്നൂർ, തളിപ്പറമ്പ, തലശ്ശേരി, ആന്തൂർ, പാനൂർ എന്നീ മുനിസിപ്പാലിറ്റികളും കണ്ണൂർ കോർപ്പറേഷനും തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്നു.
3. കണ്ണൂർ ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകൾ CRZ IA, CRZ IB, CRZ II, CRZ IIIA, CRZ IIIB, CRZ IVA, CRZ IVB എന്നിവ ഉൾപ്പെട്ടതാണ്.
4. CRZ III നെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. 1. CRZ IIIA യും 2. CRZ IIIB യും

2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളെ CRZ IIIA എന്ന വിഭാഗത്തിലും അതിൽക്കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ CRZ IIIB വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. കായലുകൾക്ക് പുഴയുടെയോ തോടിന്റെയോ വീതി ഇല്ലെങ്കിലും അവയുടെ കരഭാഗത്തെ വികസന നിഷിദ്ധ മേഖല 2011 ലെ വിജ്ഞാപനത്തിൽ 100 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനത്തിൽ 50 മീറ്ററായി മാറ്റിയിട്ടുണ്ട്. കൂടാതെ കായൽ ദ്വീപുകളെ സംബന്ധിച്ച് 2011 ലെ വിജ്ഞാപനത്തിൽ വികസന നിഷിദ്ധ മേഖല 50 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 20 മീറ്ററാക്കുകയും CRZ IIIA യിൽ 2011 ലെ വിജ്ഞാപനപ്രകാരം വികസന നിഷിദ്ധ മേഖല 200 മീറ്ററായിരുന്നത് 2019 ലെ വിജ്ഞാപനപ്രകാരം 50 മീറ്ററായി ഇളവ് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കൽ കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ മേഖലയായിരിക്കും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്തിട്ടു.
6. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന വേലിയേറ്റ രേഖയുടെ നീളം 752.77 (62.89 + 689.88) ചതുരശ്ര കി.മീറ്റർ ആണ്.
7. CRZ II- ൽ ഉൾപ്പെടുന്ന കരപ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 36.63119 (23.543312 + 13.087878) ചതുരശ്ര കി. മീ ആണ്.
9. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ)യുടെ ആകെ വിസ്തീർണ്ണം 1.091965 ചതുരശ്ര കി. മീറ്ററും മറ്റ് ജലാശയങ്ങളുടെത് 13.202907ചതുരശ്ര കി. മീറ്ററുമാണ്.
10. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന തീരദേശ നിയന്ത്രണ രേഖയുടെ 50 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ III A മേഖലയുടെ ആകെ വിസ്തീർണ്ണം 2.727566 ചതുരശ്ര കി. മീ ആണ്.
11. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന തീരദേശ നിയന്ത്രണ രേഖയുടെ 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ III B മേഖലയുടെ ആകെ വിസ്തീർണ്ണം 1.251307 ചതുരശ്ര കി. മീ ആണ്.
12. CRZ IV B മേഖലയുടെ ആകെ വിസ്തീർണ്ണം 36.834061 ചതുരശ്ര കി. മീ ആണ്.